No : DTPC/ALP/24/16/(2021)

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കാര്യാലയം
സംസ്ഥാന വിനോദ സഞ്ചാര വകുപ്പ്
ബോട്ട് ജെട്ടി റോഡ്, മുല്ലക്കൽ, ആലപ്പുഴ-688011
ഫോൺ : 0477 2251796 / 2251766,
Email : /info@dtpcalappuzha.com
Website : www.dtpcalappuzha.com

kerala
God's Own Country

തീയതി : 02/04/2022

# ദർഘാസ് പരസ്യം

ആലപ്പുഴ പുന്നമട ഹൗസ്ബോട്ട് ടെർമിനൽ പാർക്കിംഗ് ഫീസ് പിരിക്കലും ടോയ്ലറ്റ് ബ്ളോക്ക് നടത്തിപ്പും രണ്ട് (2) വർഷത്തേക്ക് ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിനായി താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

ദർഘാസ് പ്രമാണങ്ങളും വിശദ വിവരങ്ങളും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കാര്യാലയത്തിൽ നിന്നും 03/04/2022 മുതൽ 18/04/2022 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ലഭിക്കുന്നതാണ്. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി 19/04/2022 പകൽ 11.00 മണി വരെയാണ്. അന്നേ ദിവസം പകൽ 3 മണിക്ക് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കാര്യാലയത്തിൽ വെച്ച് ദർഘാസ് സമർപ്പിച്ചവരുടേയോ അവരുടെ അംഗീകൃത പ്രതിനിധിയുടേയോ സാന്നിദ്ധ്യത്തിൽ സെക്രട്ടറി യോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതും GST കൂടാതെയുള്ള ഏറ്റവു ഉയർന്ന പ്രതിവർഷ ലൈസൻസ് ഫീസ് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് അംഗീകരി ക്കുന്നതായിരിക്കും. മിനിമം തുകയിൽ താഴെ ലൈസൻസ് ഫീസ് രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കു ന്നതല്ല.

| | |
|---|---|
| ഇന വിവരം | ആലപ്പുഴ പുന്നമട ഹൗസ്ബോട്ട് ടെർമിനൽ പാർക്കിംഗ് ഫീസ് പിരിക്കലും ടോയ്ലറ്റ് ബ്ളോക്ക് നടത്തിപ്പും |
| ഫോറം വില (വില തിരികെ നൽകുന്നതല്ല) | Rs. 1,000/- (ആയിരം രൂപ) + 18% GST |
| നിരത ദ്രവ്യം (EMD) | Rs. 10,000/- (പതിനായിരം രൂപ) |
| സെക്യൂരിറ്റി ഡിപ്പോസിറ്റ് | Rs. 2,00,000 രണ്ട് ലക്ഷം രൂപ (DD/NEFT/RTGS only) |
| കരാർ കാലാവധി | രണ്ട് (2) വർഷം |
| മിനിമം പ്രതിവർഷ ലൈസൻസ് ഫീസ് | Rs. 10,10,000 (പത്ത് ലക്ഷത്തി പതിനായിരം) + 18 % GST |
| പ്രതിവർഷ വർദ്ധനവ് | ആദ്യ വർഷത്തെ ലൈസൻസ് ഫീസിന്റെ 10 % |
| ദർഘാസ് വിൽപ്പന അവസാനിക്കുന്ന തീയതി | 18/04/2022 3 PM |
| ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി | 19/04/2022 11 AM |
| ദർഘാസ് തുറക്കുന്ന തീയതി | 19/04/2022 3 PM |

(ഒപ്പ്)
സെക്രട്ടറി
ഡി.ടി.പി.സി, ആലപ്പുഴ

## അടിസ്ഥാന വിവരങ്ങൾ

(1) ഫോറത്തിൽ രേഖപ്പെടുത്തുന്ന ലൈസൻസ് ഫീസ് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

(2) അക്കത്തിലും അക്ഷരത്തിലും ലൈസൻസ് ഫീസ് എഴുതിയിട്ടുള്ളതിൽ വ്യത്യാസമുള്ള പക്ഷം അക്ഷരത്തിൽ എഴുതിയിരിക്കുന്നതായിരിക്കും അന്തിമമായി പരിഗണിക്കപ്പെടുന്നത്

(3) മിനിമം തുകയിൽ താഴെ രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതല്ല.

(4) ദർഘാസിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യ വർഷത്തെ ലൈസൻസ് ഫീസിന്റെ 10% വർദ്ധനവ് തുടർന്നുള്ള വർഷങ്ങളിൽ നൽകേണ്ടതാണ്.

(5) ദർഘാസ് ഫോറത്തിന്റെ വില പണമായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

(6) നിരതദ്രവ്യം സെക്രട്ടറി, ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ബോട്ട് ജെട്ടി റോഡ്, ആലപ്പുഴ എന്ന പേരിൽ ഫെഡറൽ ബാങ്ക് (Federal Bank) ആലപ്പുഴ മുല്ലക്കൽ ബ്രാഞ്ചിൽ മാറാവുന്ന Rs. 10,000/- (പതിനായിരം) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (DD) ആയി മാത്രം സമർപ്പിക്കേണ്ടതാണ്.

(7) ലൈസൻസ് ഫീസ് കൂടാതെ 18% GST ഉൾപ്പടെ നിയമാനുസരണം സർക്കാർ നിശ്ചയിച്ചുട്ടുള്ള എല്ലാ നികുതികളും കരാറുകാരൻ നൽകാൻ ബാദ്ധ്യസ്ഥനാണ്.

(8) അപൂർണ്ണമായതോ, വെട്ടിതിരുത്തലുകൾ ഉള്ളതോ, ദർഘാസ് ഫോറത്തിൽ പറഞ്ഞിട്ടുള്ള അനുബന്ധ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതോ ആയ ദർഘാസുകൾ അംഗീകരിക്കുന്നതല്ല.

(9) ദർഘാസ് പ്രകാരം പ്രതിവർഷ ലൈസൻസ് ഫീസിന്റെ 50 % കരാർ ഒപ്പ് വയ്ക്കുന്നതിന് മുൻപായി അടക്കേണ്ടതാണ്. ശേഷിക്കുന്ന ലൈസൻസ് ഫീസ് കരാർ തീയതി മുതൽ ഒൻപത് മാസം തികയുന്നതിനു മുൻപായി മൂന്ന് തുല്യ ഗഡുക്കളായി അടക്കേണ്ടതാണ്.

(10) മേൽ പറഞ്ഞ പ്രകാരം നിശ്ചിത മാസം ലൈസൻസ് ഫീസ് അടയ്ക്കാതിരുന്നാൽ ലൈസൻസ് തുകയുടെ 12% വാർഷിക പലിശയോടു കൂടി കുടിശ്ശിക ഈടാക്കുന്നതിനും മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തുന്ന പക്ഷം ലൈസൻസിയെ ഒഴിവാക്കി കരാർ റദ്ദ് ചെയ്യുന്നതിന് ആലപ്പുഴ ഡി.ടി.പി.സി ക്ക് അവകാശം ഉണ്ടായിരിക്കും.

(11) ഏതെങ്കിലും കാരണത്താൽ ദർഘാസ് തീയതി ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തീയതിയായി കണക്കാക്കുന്നതാണ്. ദർഘാസ് സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാ കളക്ടർ & ചെയർമാൻ, ആലപ്പുഴ ഡി.ടി.പി.സിയുടെതായിരിക്കും.

(12) കൂടുതൽ വിശദ വിവരങ്ങൾ ദർഘാസ് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക : 0477 225 17 96**

പകർപ്പ്

1. DTPC വെബ്സൈറ്റ് https://www.dtpcalappuzha.com/
2. DTPC ഓഫീസ് നോട്ടീസ് ബോർഡ്
3. ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്

ഓഫീസ് കോപ്പി /കരുതൽ ഫയൽ

4.

സെക്രട്ടറി
ഡി.ടി.പി.സി, ആലപ്പുഴ